2008-ലെ 18-ാം ആക്റ്റ്

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ്

കടബാദ്ധ്യതമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായനിർണ്ണയം നടത്തുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായതുമായ സംഗതികൾക്കും വേണ്ടി ഒരു കമ്മീഷൻ രൂപവൽക്കരിക്കുന്നതിനുള്ള ഒരു ആക്റ്റ്

പീഠിക.—കടലിലും ഉൾനാടൻ ജലാശയങ്ങളിലും മൽസ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഏറിയ പങ്കും ഇന്ന് വലിയ കടബാദ്ധ്യതയിലകപ്പെട്ടിരിക്കുന്നതിനാലും ;

മൽസ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി വിവിധ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും വ്യക്തികളിൽ നിന്നും മറ്റും വർദ്ധിച്ച തോതിൽ കടം വാങ്ങുകയും ഉൽപാദനമാന്ദ്യവും വിലയിടിവും, തൊഴിൽരാഹിത്യവും മദ്ധ്യവർത്തികളുടെ ചൂഷണവുംമൂലം കടം വീട്ടാനാകാത്ത സ്ഥിതിവിശേഷം വർഷങ്ങളായി നിലനിൽക്കുകയും, കടബാദ്ധ്യത വർദ്ധിച്ചുവരികയും ചെയ്തിരിക്കുന്നതിനാലും ;

അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, കടലാക്രമണം, സുനാമി, കാലവർഷക്കെടുതി മുതലായവമൂലം മൽസ്യത്തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽ നഷ്ടം, മൽസ്യബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവമൂലം കൂടുതൽ കടബാദ്ധ്യത ഉണ്ടാകുന്നതിനാലും ;

വർഷങ്ങളായി വാങ്ങിയ കടം പലിശസഹിതം തിരിച്ചടക്കാനാവാത്തവിധം വർദ്ധിച്ച് കടക്കെണിയിലകപ്പെട്ടിരിക്കുന്നതിനാലും ;

കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട മൽസ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മൽസ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായനിർണ്ണയം നടത്തുന്നതിനും കടക്കാരായ മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായതുമായ സംഗതികൾക്കുംവേണ്ടി ഒരു കമ്മീഷൻ രൂപവൽക്കരിക്കുന്നത് യുക്തമായിരിക്കുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) 'കടത്തിന്റെ സമുചിത നിലവാരം' എന്നാൽ ഈ ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻ കീഴിൽ കമ്മീഷൻ തീരുമാനിച്ച പ്രകാരം കടക്കാരൻ തിരിച്ചടയ്ക്കേണ്ടതായ കടത്തുക എന്നർത്ഥമാകുന്നു ;

(ii) 'കമ്മീഷൻ' എന്നാൽ 3-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എന്നർത്ഥമാകുന്നു;

(iii) 'സഹകരണസംഘം' എന്നാൽ 1969-ലെ കേരള സഹകരണസംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നു ;

(iv) 'ഉത്തമർണ്ണൻ' എന്നതിൽ ഒരു ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും അയാളുടെ അവകാശികളും നിയമാനുസൃത പ്രതിനിധികളും തീറുകാരും ഇടനിലക്കാരും സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റേതെങ്കിലും ആളും ഉൾപ്പെടുന്നതുമാകുന്നു;

(v) 'കടം' എന്നാൽ ഒരു കരാറിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഡിക്രിയുടെയോ അല്ലെങ്കിൽ ഉത്തരവിന്റെയോ കീഴിലോ അല്ലെങ്കിൽ മറ്റ് വിധത്തിലോ ജാമ്യമുള്ളതോ ജാമ്യമില്ലാത്തതോ ആയതും ഒരു മൽസ്യത്തൊഴിലാളിയിൽ നിന്നും പണമായി കിട്ടേണ്ടതായിട്ടുള്ള ഏതെങ്കിലും ബാദ്ധ്യതയോ എന്നർത്ഥമാകുന്നതും, അതിൽ,—

(എ) (i) ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ;

(ii) ഒരു സഹകരണ സംഘത്തിനോ;

(iii) ഒരു മത്സ്യത്തൊഴിലാളി സംഘത്തിനോ, കൊടുക്കേണ്ടതായ ഏതൊരു തുകയും;

(ബി) ഒരു മത്സ്യത്തൊഴിലാളി ഒരു ഉത്തമർണ്ണനിൽ നിന്നും വാങ്ങിയ ഏതൊരു തുകയും ;

(സി) ഒരു മത്സ്യത്തൊഴിലാളി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും സർക്കാർ വിജ്ഞാപനത്തിലൂടെ വിനിർദ്ദേശിക്കുന്നതുമായ ഏതുതരം വായ്പയും ;

ഉൾപ്പെടുന്നതും, എന്നാൽ, മൽസ്യത്തൊഴിലാളി തന്റെ വരുമാന വർദ്ധനവിനായി മൽസ്യബന്ധന പ്രവർത്തനങ്ങൾക്കൊഴികെ വാണിജ്യാവശ്യങ്ങൾക്കോ, ആഢംബരത്തിനോ വേണ്ടി എടുത്തിട്ടുള്ള ഏതെങ്കിലും വായ്പാ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാരുകൾക്കോ നൽകേണ്ട തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും സർക്കാർ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്കും കിട്ടേണ്ടതായ തുകയും ഉൾപ്പെടാത്തതും ആകുന്നു ;

(vi) 'ദുരിത ബാധിത പ്രദേശം' എന്നാൽ ഈ ആക്റ്റിന്റെ ആവശ്യത്തിനായി കമ്മീഷന്റെ ശുപാർശകളിന്മേൽ സർക്കാർ 6-ാം വകുപ്പുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ ജില്ലകളോ/ജില്ലയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയോ എന്നർത്ഥമാകുന്നു ;

(vii) 'ജില്ല' എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു ;

(viii) 'ന്യായ പലിശ നിരക്ക്' എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ കമ്മീഷൻ തീരുമാനിച്ച പലിശനിരക്ക് എന്നർത്ഥമാകുന്നു ;

(ix) 'ധനകാര്യസ്ഥാപനം' എന്നാൽ സർക്കാരിന്റെ അധീനതയിലോ പൂർണ്ണനി യന്ത്രണത്തിലോ ഉള്ളതും തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും കേന്ദ്ര നിയമ പ്രകാരമോ സംസ്ഥാന നിയമപ്രകാരമോ അതിൻ കീഴിലോ രൂപീകരിച്ചിട്ടുള്ളതുമായ ഏതെങ്കിലും ധനകാര്യസ്ഥാപനം എന്നർത്ഥമാകുന്നു ;

(x) 'മൽസ്യം' എന്നാൽ കടലിൽ നിന്നോ കായലിൽ നിന്നോ മറ്റ് ജലാശയങ്ങളിൽ നിന്നോ പിടിച്ചെടുക്കുന്ന വിവിധതരം ജൈവ ജലവിഭവങ്ങളും സർക്കാർ വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന മറ്റേതെങ്കിലും ജലവിഭവങ്ങളും ഉൾപ്പെടുന്നതാകുന്നു.

(xi) 'മത്സ്യത്തൊഴിലാളി ക്ഷേമ സംഘം' എന്നാൽ 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്റ്റ് (1981-ലെ 7) പ്രകാരം രൂപീകരിച്ച സംഘം എന്നർത്ഥമാകുന്നു.

(xii) 'മൽസ്യബന്ധനം' എന്നാൽ,—

(എ) പരമ്പരാഗത രീതിയിലുള്ളതോ, പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾ ഉപയോഗിച്ചുള്ളതോ ആയ മത്സ്യബന്ധനമോ;

(ബി) ഇരുചക്രവാഹനത്തിലോ തലച്ചുമടായോ വിവിധ സ്ഥലങ്ങളിലേക്ക് മൽസ്യത്തൊഴിലാളിയുടെ കുടുംബത്തിൽപ്പെട്ടവർ യാത്ര ചെയ്തുള്ള സമുദ്രജല/ശുദ്ധ ജല/ഓരുജല മൽസ്യ ഉൽപ്പന്നങ്ങളുടെ വിൽപ്പനയോ;

എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റ് (1981-ലെ 10)-ലെ 6-ാം വകുപ്പുപ്രകാരം ലൈസൻസ് എടുക്കേണ്ടതും സർക്കാർ വിജ്ഞാപനംമൂലം വിനിർദ്ദേശിക്കുന്നതുമായ യന്ത്രവൽകൃത ബോട്ട് ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഉൾപ്പെടാത്തതുമാകുന്നു;

(xiii) 'മൽസ്യത്തൊഴിലാളി' എന്നാൽ, മൽസ്യബന്ധനം പ്രധാന ഉപജീവനമാർഗ്ഗ മായി സ്വീകരിച്ചിട്ടുള്ളതും, അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വാർഷിക വരുമാനപരിധിയിൽ കവിയാത്ത വരുമാനമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു മൽസ്യത്തൊഴിലാളിയുടെ വിധവയും ഉൾപ്പെടുന്നതുമാകുന്നു;

(xiv) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(xv) 'പലിശ' എന്നാൽ കടം വാങ്ങിയ അസ്സൽ മുതലിനേക്കാളധികമായതും അല്ലെങ്കിൽ നേരിട്ട സാമ്പത്തിക ബാദ്ധ്യതയെക്കാൾ കൂടുതലായതും, അത്തരം സംഖ്യയെ എന്തുപേരിലറിയപ്പെട്ടിരുന്നാലും, ഏതെങ്കിലും പ്രമാണമോ കരാറോ ഉണ്ടെങ്കിൽ അത് പ്രകടമായി പറഞ്ഞിരിക്കുകയാണെങ്കിലും അല്ലെങ്കിലും, നൽകേണ്ടതായ ഏതെങ്കിലും തുക എന്നർത്ഥമാകുന്നു;

(xvi) 'ഉത്തമർണ്ണ സ്ഥാപനം' എന്നാൽ ഭാരതീയ സ്റ്റേറ്റ് ബാങ്കോ അല്ലെങ്കിൽ 1959-ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (സബ്സിഡിയറി ബാങ്ക്) ആക്റ്റ് 2-ാം വകുപ്പ് (കെ) ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഏതെങ്കിലും സബ്സിഡിയറി ബാങ്കോ അല്ലെങ്കിൽ ഏതെങ്കിലും ദേശസാൽകൃതമോ അല്ലെങ്കിൽ ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കോ എന്നർത്ഥമാകുന്നു;

(xvii) 'അംഗം' എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(xviii) 'പിഴപ്പലിശ' എന്നാൽ ഒരു കടത്തിന്മേൽ പലിശയേക്കാൾ കൂടുതലായി കൊടുക്കേണ്ടതായ ഏതെങ്കിലും തുക എന്നർത്ഥമാകുന്നു;

(xix) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(xx) 'അസ്സൽ മുതൽ' എന്നാൽ ഏതെങ്കിലും പലിശ മൂലധനമായി കണക്കാക്കുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടായിരുന്നാൽ തന്നെയും, അതേ മത്സ്യത്തൊഴിലാളിയോ അയാളുടെ അവകാശികളോ തീറുകാരോ നിയമാനുസൃത പ്രതിനിധികളാലോ അല്ലെങ്കിൽ അയാൾക്കുവേണ്ടിയോ അയാളുടെ താൽപ്പര്യാർത്ഥമോ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ആളോ കടം അതേ ഉത്തമർണ്ണന്റെയോ അയാളുടെ അവകാശികളുടെയോ തീറുകാരുടെയോ നിയമാനുസൃത പ്രതിനിധികളുടെയോ അല്ലെങ്കിൽ അയാൾക്കുവേണ്ടിയോ അയാളുടെ താൽപ്പര്യാർത്ഥമോ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ആളുടെയോ പേരിൽ പുതുക്കിയിട്ടുണ്ടെങ്കിൽ തന്നെയും, തുടക്കത്തിൽ നൽകിയ തുകയും പിന്നീട് നൽകിയ തുകയും ഏതെങ്കിലും ഉണ്ടെങ്കിൽ അതും ചേർന്ന തുക എന്നർത്ഥമാകുന്നു;

(xxi) 'സെക്രട്ടറി' എന്നാൽ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു.

3. <u>കമ്മീഷന്റെ രൂപീകരണം.</u>—(1) സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നശേഷം കഴിയുന്നത്ര വേഗത്തിൽ ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി "കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ" എന്ന പേരിൽ ഒരു കമ്മീഷൻ രൂപവൽക്കരിക്കേണ്ടതാണ്.

(2) കമ്മീഷൻ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്, അതായത്:—

(i) റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജി—ചെയർപേഴ്സൺ;

(ii) ഒരു ഫിഷറീസ്, സാമൂഹിക, സാങ്കേതിക, സാമ്പത്തിക ഭരണ വിദഗ്ദ്ധൻ— അംഗം;

(iii) മൂന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ—അംഗങ്ങൾ;

(3) ചെയർപേഴ്സണേയും അംഗങ്ങളേയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(4) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയെയും ആവശ്യമായേക്കാവുന്ന മറ്റു ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സെക്രട്ടറിയും മറ്റു ജീവനക്കാരും അവരുടെ കർത്തവ്യനിർവ്വഹണത്തിൽ ചെയർപേഴ്സന്റെ ഭരണനിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ്.

4. കമ്മീഷന്റെ കാലാവധിയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും.—(1) കമ്മീഷന്റെ കാലാവധി മൂന്നു വർഷം ആയിരിക്കുന്നതാണ്:

എന്നാൽ, സർക്കാരിന് ആവശ്യമെന്നുതോന്നുന്നപക്ഷം കാലാവധി അപ്രകാരമുള്ള കാലയളവിലേക്ക് നീട്ടി നൽകാവുന്നതാണ്.

(2) ഒരു അംഗത്തിന് ഏതു സമയത്തും, സ്വന്തം കൈപ്പടയിൽ സർക്കാരിലേക്ക് എഴുതി അറിയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) കമ്മീഷനിലെ ഏതെങ്കിലും അംഗം (2)-ാം ഉപവകുപ്പുപ്രകാരം രാജിവച്ച കാരണത്താലോ മറ്റ് വിധത്തിലോ ഉണ്ടാകുന്ന ഒരു ഒഴിവ് ഈ ആക്റ്റിലെ (3)-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് മൂന്ന് മാസത്തിനകം നികത്തേണ്ടതാണ്:

എന്നാൽ, അങ്ങനെ നിയമിക്കപ്പെടുന്ന ഒരു വ്യക്തി ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെട്ടത് ആ വ്യക്തിയുടെ അവശേഷിക്കുന്ന കാലയളവ് വരെ മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(4) സർക്കാരിന്, ഏതെങ്കിലും അംഗത്തെ, അദ്ദേഹം,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ;

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം ജോലിയിൽ തുടരുന്നതിന് അയോഗ്യനായി തീരുകയോ;

(സി) സ്ഥിരബുദ്ധി ഇല്ലാതായി തീരുകയും അധികാരിതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ;

(ഡി) അസാന്മാർഗിക പ്രവർത്തനം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ;

(ഇ) തത്സ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സർക്കാരിന് ബോദ്ധ്യമാകുകയോ;

(എഫ്) സ്വജനപക്ഷപാതമോ, അഴിമതിയോ നടത്തിയെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയോ;

ചെയ്യുന്നപക്ഷം നീക്കം ചെയ്യാവുന്നതാണ്.

(5) കമ്മീഷൻ, കാര്യനിർവ്വഹണത്തിനായി അതിന്റേതായ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്.

(6) ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും,—

(എ) കമ്മീഷന്, അപേക്ഷയിന്മേലോ അല്ലാതെയോ, അതിന് യുക്തമെന്ന് കരുതുന്ന അത്തരം അന്വേഷണത്തിനുശേഷവും സർക്കാർ ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായും ഏതെങ്കിലും ജില്ലകളേയോ ജില്ലയേയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയേയോ, നിർദ്ദിഷ്ടകാലത്തേക്ക് ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും;

(ബി) ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണന്മാരുടെ സംഗതിയിൽ ദുരന്തബാധിത പ്രദേശത്തെ കടക്കാരനായ മത്സ്യത്തൊഴിലാളി ന്യായയുക്തമായി നൽകേണ്ടതെന്ന് കമ്മീഷൻ കരുതുന്ന പ്രകാരമുള്ള ന്യായ പലിശ നിരക്കും, കടത്തിന്റെ സമുചിത നിലവാരവും നിശ്ചയിക്കുന്നതിനും;

(സി) (ബി) ഖണ്ഡം പ്രകാരം നിശ്ചയിച്ച ന്യായ പലിശനിരക്കിന്റെയും കടത്തിന്റെ സമുചിത നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരും കടക്കാരായ മത്സ്യത്തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിനുവേണ്ടിയുള്ള അനുരഞ്ജനം ഏറ്റെടുക്കുന്നതിനും;

(ഡി) ദുരന്തബാധിത പ്രദേശത്തെ കടക്കാരായ മത്സ്യത്തൊഴിലാളികളും ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരും തമ്മിലുള്ള തർക്കങ്ങൾ ന്യായനിർണ്ണയം നടത്തി, ഇരു കക്ഷികൾക്കും ബാധകമാകുന്ന അവാർഡുകൾ പാസ്സാക്കുന്നതിനും :

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരു അവാർഡ് പാസ്സാക്കുന്നതിന് മുമ്പ്, ഉത്തമർണ്ണന്, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്;

(ഇ) ദുരന്തബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതി തള്ളുന്നതിനും പലിശനിരക്ക് ഇളവു ചെയ്യുന്നതിനും വായ്പ പുനഃക്രമീകരിക്കുന്നതിനും വായ്പാ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനുമായി ഉത്തമർണ്ണൻമാരുമായി കൂടിയാലോചനകളിൽ ഏർപ്പെടുന്നതിനും;

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതായ കടാശ്വാസത്തിന്റെ വ്യാപ്തിയും രീതിയും സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിന്;

(ജി) കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതിനും കടത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ വിമുക്തരാക്കുന്നതിനും വേണ്ടി സർക്കാരിനോടോ സർക്കാർ ഏജൻസികളോടോ ശുപാർശ ചെയ്യുന്നതിനും;

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം ഏജൻസികളിലൂടെ മത്സ്യത്തൊഴിലാളികളുടെ ഭാവി കടാശ്വാസങ്ങൾ നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തികൾ ചെയ്യുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും;

(ഐ) പൊതുവെ മത്സ്യത്തൊഴിലാളികളുടെ കടവുമായി ബന്ധപ്പെട്ട ഏത് കാര്യത്തെക്കുറിച്ചുമുള്ള ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുന്നതിനും; കൂടാതെ

(ജെ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.

(2) ദുരന്തബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാർക്ക് തിരിച്ചടയ്ക്കുന്നത്, മത്സ്യലഭ്യതയിലെ കുറവ്, വിലയിടിവ്, പ്രകൃതിക്ഷോഭംമൂലമുള്ള നഷ്ടം മുതലായവ പരിഗണിച്ചുകൊണ്ട്, ആറുമാസത്തിനും ഒരു വർഷത്തിനുമിടയിലുള്ള സമയപരിധിയിൽ കവിയാത്തതുമായ കാലയളവിലേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, ഉത്തരവ് പുറപ്പെടുവിക്കുന്നത് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ അവാർഡുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മുതൽ, പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കപ്പെടുന്നതുവഴി ഒരു മത്സ്യത്തൊഴിലാളിക്ക് നൽകുന്ന കടാശ്വാസത്തിന്റെ പരിധി അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പരിധിയിൽ കവിയാൻ പാടില്ലാത്തതാണ്.

(4) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം കമ്മീഷൻ പാസ്സാക്കിയ ഒരു അവാർഡ് അന്തിമവും യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.

(5) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരമുള്ള കമ്മീഷന്റെ അവാർഡുകൾ ഒരു സിവിൽ കോടതിയുടെ ഡിക്രി എന്നപോലെ 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം നടത്തിയെടുക്കാവുന്നതാണ്.

(6) കമ്മീഷന് ഈ ആക്റ്റിലോ അതിൻ കീഴിലോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേക്ക് 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്)-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പു വരുത്തുന്നതിനും സത്യപ്രസ്താവനയിൻമേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും അല്ലെങ്കിൽ സ്ഥല പരിശോധന നടത്തുന്നതിനുംവേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിനും;

(ഇ) തീരുമാനമെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും വസ്തുവോ സാധനമോ പരിശോധിക്കുന്നതിനും;

(എഫ്) ഏതെങ്കിലും കോടതിയിൽ നിന്നോ അധികാരസ്ഥാനത്ത് നിന്നോ ഓഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ജി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റേതെങ്കിലും കാര്യത്തിനും.

6. ദുരന്തബാധിതപ്രദേശമായി പ്രഖ്യാപിക്കൽ.—(1) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരമുള്ള ഒരു ശുപാർശ സർക്കാരിൽ ലഭിച്ചാൽ നിർണ്ണയിക്കപ്പെടാവുന്ന സമയപരിധിക്കുള്ളിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കേണ്ടതും അതിനനുസൃതമായി ബന്ധപ്പെട്ട ജില്ലകളേയോ ജില്ലയേയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയേയോ ദുരന്തബാധിത പ്രദേശമായി സർക്കാരിന് പ്രഖ്യാപിക്കാവുന്നതുമാണ്.

(2) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2007 ഡിസംബർ 31 വരെയുള്ള മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും സംബന്ധിച്ച് കേരള സംസ്ഥാനമൊട്ടാകെ ദുരന്തബാധിത പ്രദേശമായി കണക്കാക്കേണ്ടതാണ്.

7. കടാശ്വാസത്തിനുള്ള അപേക്ഷ.—ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും കടാശ്വാസം അവകാശപ്പെടുന്ന മൽസ്യത്തൊഴിലാളി നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫാറത്തിലും കമ്മീഷൻ മുമ്പാകെ ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. കമ്മീഷന്റെ സിറ്റിംഗുകൾ.—(1) കമ്മീഷൻ, അത് നിശ്ചയിച്ചേക്കാവുന്ന പ്രകാരം അങ്ങനെയുള്ള സ്ഥലങ്ങളിലും സമയങ്ങളിലും അതിന്റെ സിറ്റിംഗുകൾ നടത്തേണ്ടതാണ്:

എന്നാൽ, കമ്മീഷൻ, അതിന്റെ സിറ്റിംഗുകൾ, ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ബന്ധപ്പെട്ട ജില്ലയിലോ ജില്ലകളിലോ വച്ച് ദുരന്തബാധിത പ്രദേശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുന്നതിനുവേണ്ടി കൂടേണ്ടതാണ്.

(2) കമ്മീഷൻ ഒരു ജില്ലയിൽവച്ച് സിറ്റിംഗുകൾ നടത്തുമ്പോൾ അതിന്റെ നടപടി ക്രമങ്ങളിൽ സംബന്ധിക്കുന്നതിനായി താഴെ പറയുന്നവരെ നിരീക്ഷകരായി ക്ഷണിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന ലോക്സഭാ അംഗങ്ങൾ ;

(ബി) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാ അംഗങ്ങൾ ;

(സി) ജില്ലാ കളക്ടർ ;

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്;

(ഇ) ജില്ലയിലെ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺമാരും ഗ്രാമ പഞ്ചായത്തുകളിലേയും ബ്ലോക്ക് പഞ്ചായത്തുകളിലേയും പ്രസിഡന്റുമാരും ;

(എഫ്) ബന്ധപ്പെട്ട ജില്ലയിലെ മത്സ്യത്തൊഴിലാളി സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികൾ .

(3) കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വാറം മൂന്ന് ആയിരിക്കുന്നതാണ്.

(4). കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ മൂന്നോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ബഞ്ച് രൂപീകരിച്ചുകൊണ്ട് ജില്ലകളിൽ സിറ്റിംഗ് നടത്താവുന്നതാണ്:

എന്നാൽ, അങ്ങനെ രൂപീകരിക്കപ്പെടുന്ന ബഞ്ചിൽ കമ്മീഷൻ അംഗമായ മത്സ്യത്തൊഴിലാളി പ്രതിനിധി ഉണ്ടായിരിക്കേണ്ടതാണ്.

9. ദുരന്തബാധിത പ്രദേശത്തെ ഒരു മത്സ്യത്തൊഴിലാളി എടുത്ത ചില വായ്പകളുടെ ഒത്തുതീർപ്പിനെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഒരു അംഗത്തിന് പരസ്പര ധാരണയിലൂടെ,—

(എ) വാണിജ്യ ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ ദുരന്തബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളി വാങ്ങിയ ഹ്രസ്വകാല വായ്പകളെ മദ്ധ്യകാല വായ്പകളായോ മദ്ധ്യകാല വായ്പകളെ ദീർഘകാലവായ്പകളായോ പുനഃക്രമീകരിക്കുന്നതിനും ; അല്ലെങ്കിൽ

(ബി) ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിഷ്ക്രിയ ആസ്തിവിഭാഗത്തിൻകീഴിൽ വരുന്ന വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ; അല്ലെങ്കിൽ

(സി) ഭാരതീയ റിസർവ് ബാങ്കിന്റെയും ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെയും യോജിച്ചുള്ള അഭിപ്രായപ്രകാരം ഭാരതീയ റിസർവ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പലിശയോ പിഴപ്പലിശയോ രണ്ടും കൂടിയോ ഒഴിവാക്കുന്നതിനും ; അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം വായ്പയുടെ ഏതെങ്കിലും വീഴ്ച വരുത്തു ന്നിടത്ത്, തീർപ്പാക്കൽ വ്യവസ്ഥ അനുസരിച്ചുള്ള കാലയളവിനുള്ളിൽ [illegible] വായ്പ പലിശയോടുകൂടി ആ ബാങ്കിന് തിരികെ നൽകുന്നതിന് പ്രസ്തുത മത്സ്യത്തൊഴിലാളി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

10. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഒരു മത്സ്യത്തൊഴിലാളി എടുത്ത വായ്പകളുടെ പുനഃക്രമീകരണം.—(1) ഈ ആക്റ്റിലോ മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 6-ാം വകുപ്പുപ്രകാരം ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെടുന്ന തീയതിയിലോ അതിനു മുൻപോ അടച്ചുതീർക്കേണ്ടതായ സർക്കാരിന്റെ അധീനതയിലോ പൂർണ്ണ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും ദുരന്തബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളി എടുത്തിട്ടുള്ള വായ്പകളുടെ ഈടാക്കൽ കമ്മീഷന് പുനഃക്രമീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം വായ്പകളുടെ പുനഃക്രമീകരണം നടത്തിയി ട്ടുള്ളിടത്ത് കമ്മീഷൻ അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപ്രകാരമുള്ള വായ്പ പലിശയോടുകൂടി ബന്ധപ്പെട്ട, ധനകാര്യ സ്ഥാപനത്തിന് തിരികെ കൊടുക്കാൻ മത്സ്യത്തൊഴിലാളി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, രേഖപ്പെടുത്തുന്ന കാരണങ്ങളാൽ കമ്മീഷന് മത്സ്യത്തൊഴിലാളിയുടെ അപേക്ഷയിന്മേൽ അപ്രകാരം പുനഃക്രമീകരിച്ച കാലത്തെ തിരിച്ചടവ്, ഉത്തരവ് മുഖേന ഒഴിവാക്കാവുന്നതാണ്:

എന്നുമാത്രമല്ല, കമ്മീഷൻ അപ്രകാരം നിശ്ചയിക്കുന്ന അങ്ങനെയുള്ള പിൽക്കാല തീയതികളിൽ മത്സ്യത്തൊഴിലാളി ആയത് തിരിച്ചടയ്ക്കുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

11. വ്യവഹാരങ്ങൾക്കും അപേക്ഷകൾക്കും ക്രിമിനൽ നടപടികൾക്കും മറ്റ് നടപടികൾക്കും ഉള്ള വിലക്ക്.—ഒരു ദുരന്തബാധിത പ്രദേശത്ത് താമസിക്കുന്ന ഒരു മത്സ്യത്തൊഴിലാളിക്കെതിരായി കടം ഈടാക്കുന്നതിനുള്ള യാതൊരു വ്യവഹാരവും ആരംഭിക്കുകയോ അല്ലെങ്കിൽ ഒരു കടം സംബന്ധിച്ച ഡിക്രിയിന്മേൽ വിധി നടത്തുന്ന തിനുള്ള യാതൊരു അപേക്ഷയും ബോധിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, അത്തരം ഏതെങ്കിലും വ്യവഹാരത്തിന്മേലോ അല്ലെങ്കിൽ അപേക്ഷയിന്മേലോ ഉള്ള ഏതെങ്കിലും ഡിക്രിക്കോ ഉത്തരവിനോ എതിരായി അപ്പീലോ, റിവിഷൻ ഹർജിയോ അല്ലെങ്കിൽ റിവ്യൂ അപേക്ഷയോ ഒരു മത്സ്യത്തൊഴിലാളിക്കെതിരായി ഏതെങ്കിലും സിവിൽ കോടതിയിലോ അല്ലെങ്കിൽ ട്രൈബ്യൂണലിലോ അല്ലെങ്കിൽ മറ്റ് അധികാര സ്ഥാനത്തോ സമർപ്പിക്കുവാനോ നൽകുവാനോ പാടില്ലാത്തതും, ഒരു ദുരന്തബാധിത പ്രദേശമായി ഒരു ജില്ലയെയോ അതിന്റെ ഭാഗത്തെയോ പ്രഖ്യാപിച്ച തീയതിക്ക് മുമ്പായി അങ്ങനെയുള്ള ഒരു മത്സ്യത്തൊഴിലാളിക്കെതിരായി ആരംഭിച്ചിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആ തീയതിയിൽ നിലവിലുള്ളതോ ആയ അങ്ങനെയുള്ള വ്യവഹാരങ്ങളും അപേക്ഷകളും അപ്പീലുകളും ഹർജികളും കമ്മീഷൻ അതിനായി ശുപാർശ ചെയ്യുന്ന അങ്ങനെയുള്ള കാലാവധിവരെ നിർത്തിവയ്ക്കേണ്ടതുമാണ്.

12. കടം ഗഡുക്കളായി വീട്ടൽ.—(1) ഏതെങ്കിലും നിയമത്തിലോ കരാറിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ദുരന്തബാധിത പ്രദേശത്തെ ഒരു മത്സ്യത്തൊഴിലാളി തന്റെ കടം കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിൽ ഓരോ തിരിച്ചടവ് സമയത്തും ബാക്കി നിൽക്കുന്ന മുതൽ തുകയോടൊപ്പം കമ്മീഷൻ ശുപാർശ ചെയ്ത ന്യായനിരക്കിലുള്ള പലിശ സഹിതം അനുയോജ്യമായ ഗഡുക്കളായി അടച്ചു തീർക്കാവുന്നതും കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം ആയതു അടച്ചുതീർക്കുമ്പോൾ മുഴുവൻ കടവും വീട്ടിയതായി കരുതപ്പെടേണ്ടതുമാണ്.

(2) കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരം നിശ്ചിത തീയതിയിൽ കടത്തിന്റെ ഏതെങ്കിലും ഗഡു നൽകാത്തിടത്ത് കമ്മീഷൻ നിശ്ചയിച്ചേക്കാവുന്ന രീതിയിൽ അത് വസൂലാക്കുന്നതിന് ഉത്തമർണ്ണന് അവകാശം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ വകുപ്പ് പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതിനു മുമ്പായി മത്സ്യത്തൊഴിലാളിക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

13. വാർഷിക റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന്.—(1) കമ്മീഷൻ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള തീയതിക്കോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചാലുടൻതന്നെ എത്രയും വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

14. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ ശരിയായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും സൂക്ഷിച്ചുപോരേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

15. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

16. കമ്മീഷനിലെ അംഗങ്ങൾ പബ്ലിക് സർവെന്റുമാർ ആയിരിക്കുമെന്ന്.—3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട കമ്മീഷനിലെ ഓരോ അംഗവും (4)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറിയും മറ്റു ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45—ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവെന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനിലെ ഏതെങ്കിലും അംഗങ്ങൾക്കോ സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ എതിരായി യാതൊരു വ്യവഹാരമോ നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

18. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ കമ്മീഷനോ സർക്കാരോ ഒത്തുതീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ ചെയ്യേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല :

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ, 5-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരമുള്ള വിധി നടത്തൽ നടപടികൾക്ക്, ബാധകമാകുന്നതല്ല.

19. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് സന്ദർഭം ആവശ്യപ്പെടുന്നവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതുമായ ഏത് കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും നൽകുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

20. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

2018-ലെ 38-ാം ആക്റ്റ്

2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ്

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് (2008-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2008-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 5-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (ഐ) ഇനത്തിൽ "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (1)-ാം ഉപവകുപ്പിലെ (ജെ) ഇനത്തിന് പകരം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) 9എ വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മത്സ്യത്തൊഴിലാളികളുടെ വായ്പാ തുക സർക്കാർ ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്യുന്നതിനും;

(കെ) 9എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകുന്നതിനും; കൂടാതെ

(എൽ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.";

(iii) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(7) (2)-ാം ഉപവകുപ്പിലെയോ 9എ വകുപ്പിലെയോ 11-ാം വകുപ്പിലെയോ ഏതെങ്കിലും വ്യവസ്ഥയ്ക്കോ, അങ്ങനെയുള്ള വ്യവസ്ഥകൾ പ്രകാരം സർക്കാരോ കമ്മീഷനോ പുറപ്പെടുവിക്കുന്ന ഉത്തരവിനോ അവാർഡിനോ എതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി, ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ ഏതൊരാളും സ്വീകരിച്ചാൽ അയാൾക്കെതിരെ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനോ, പിഴ ചുമത്തുന്നതിനോ, പ്രോസിക്യൂഷൻ നടപടികൾ ശിപാർശ ചെയ്യുന്നതിനോ മുൻപ് ബന്ധപ്പെട്ട വ്യക്തിക്ക്, അയാൾക്ക് ബോധിപ്പിക്കാനുള്ളത് കമ്മീഷന് മുമ്പാകെ ബോധിപ്പിക്കാൻ ന്യായമായ അവസരം നൽകേണ്ടതും, ഇത്തരം നടപടികൾ സ്വീകരിക്കുന്നതിനായി 8-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ബെഞ്ചിൽ കമ്മീഷൻ ചെയർപേഴ്സൺ സന്നിഹിതനായിരിക്കേണ്ടതുമാണ്.".

3. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "2007 ഡിസംബർ 31" എന്ന അക്കങ്ങൾക്കും വാക്കിനും പകരം "2008 ഡിസംബർ 31" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

4. 9എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"9എ. കടൽക്ഷോഭമോ, മറ്റ് ദുരന്തങ്ങൾമൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകളുടെ തീർപ്പാക്കൽ.— (1) ഈ ആക്റ്റിൽ ഇതിനു വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ദുരിതബാധിത പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ, കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്തവിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നപക്ഷം, വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

(2) നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്തവിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻപ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടം ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെയോ, കടാശ്വാസത്തിന് അർഹതയില്ലായെന്ന് കമ്മീഷൻ കണ്ടെത്തുന്നതു വരെയോ, മത്സ്യത്തൊഴിലാളി അടച്ചു തീർക്കേണ്ട കുടിശ്ശിക തുക വസൂലാക്കുന്നതിന് ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ യാതൊരാളും യാതൊരു നടപടിയും അങ്ങനെയുള്ള മത്സ്യത്തൊഴിലാളിക്ക് എതിരായി പുതുതായി എടുക്കാൻ പാടില്ലാത്തതും, അങ്ങനെ ആരംഭിച്ചതോ, നടത്തിവരുന്നതോ ആയ ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ അപ്പീലോ ഹർജിയോ മറ്റു നടപടിയോ ഉണ്ടെങ്കിൽ ആയത് നിർത്തിവയ്ക്കേണ്ടതുമാണ്.

വിശദീകരണം.—"മത്സ്യത്തൊഴിലാളി ഗ്രാമം" എന്നാൽ 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്റ്റിലെ (1981-ലെ 7-ാം ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഒരു മത്സ്യബന്ധന ഗ്രാമം എന്നർത്ഥമാകുന്നു.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 53) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.